## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3370 — 29.1.2014- ൽ മറുപടിക്ക്

## കൃഷി ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന് തടസ്സമാകുംവിധം കൃഷി ഓഫീസുകളിൽ കൃഷി ഓഫീസർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് നിലവിൽ ഉണ്ടോ; | എ) ജീവനക്കാരുടെ കുറവ് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.യിൽ റാങ്ക് ലിസ്റ്റ് നിലവിലില്ല. ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചാലുടൻ തന്നെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും. കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| സി) കൃഷി ഭവനുകൾ വഴി കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ? | സി) കൃഷി ഭവനുകൾ വഴി കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനായി 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം അനുസരിച്ച് കൃഷി വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (ടി വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.) |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**